**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 378** **02-07-2024 - ൽ മറുപടിയ്ക്ക്**

**പുതുക്കിയ വനനിയമം നടപ്പാക്കുമ്പോഴുണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 1980-ലെ വനസംരക്ഷണ നിയമത്തെ അട്ടിമറിക്കുന്ന തരത്തിലുള്ള പുതുക്കിയ വന നിയമം നടപ്പിലാക്കാൻ കേന്ദ്രസർക്കാർ ശ്രമിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല<br>1980- ലെ വന (സംരക്ഷണ) നിയമം നിഷ്കർഷിക്കുന്നത് വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കണമെന്നതാണ്. വനഭൂമി വനേതരാവശ്യങ്ങൾക്ക് ഉപയോധിക്കുന്നതിന് പൂർവ്വാനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളും സമയ ക്രമങ്ങളുമാണ് പുതുക്കിയ വന (സംരക്ഷണ) നിയമം വിവക്ഷിക്കുന്നത്. |
| (ബി) | വികസന പ്രവർത്തനങ്ങൾക്ക് വനഭൂമി വിട്ടുനൽകുമ്പോൾ അത്രയും ഭൂമി വനമേഖലയ്ക്ക് പുറത്ത് കണ്ടെത്തി പരിഹാര വനവൽക്കരണം നടത്തണമെന്നുള്ള വ്യവസ്ഥ ഒഴിവാക്കുന്നതുമൂലം കേരളത്തിലെ വനമേഖല ക്ഷയിക്കുന്നതിനും പാരിസ്ഥിതിക ആഘാതങ്ങൾ വർദ്ധിക്കുന്നതിനും ഇടയാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വികസന പ്രവർത്തനങ്ങൾക്ക് വനഭൂമി വിട്ടുനൽകുമ്പോൾ അത്രയും ഭൂമി വനമേഖലയ്ക്ക് പുറത്ത് കണ്ടെത്തി പരിഹാര വനവൽക്കരണം നടത്തണമെന്നുള്ള വ്യവസ്ഥ ഒഴിവാക്കിയിട്ടില്ലാത്തതിനാൽ പുതുക്കിയ വന (സംരക്ഷണ) നിയമം കേരളത്തിലെ വനമേഖല ക്ഷയിക്കുന്നതിനും പാരിസ്ഥിതിക ആഘാതങ്ങൾ വർദ്ധിക്കുന്നതിനും ഇടയാക്കുകയില്ല. |
| (സി) | പരിഹാര വനവൽക്കരണത്തിന് പകരമായി ഗ്രീൻ ക്രെഡിറ്റ് സമ്പ്രദായം നിലവിൽ വരുമ്പോൾ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഇഷ്ടാനുസരണം വനനശീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സഹായിക്കുമെന്ന വസ്തുത കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. പരിഹാര വനവൽക്കരണത്തിന് പകരമായല്ല ഗ്രീൻ ക്രെഡിറ്റ് സ്രമ്പദായം നിലവിൽ വരുന്നത്. 1986 ലെ പരിസ്ഥിതി സംരക്ഷണ നിയമ പ്രകാരം ഒക്ടോബർ 12 ന് ഗ്രീൻ ക്രെഡിറ്റ് റൂൾസ് 2023 വിജ്ഞാപനം ചെയ്തു. പരിസ്ഥിതി സംരക്ഷണത്തിനായി സ്വമേധയാ ഉള്ള പ്രവർത്തനങ്ങൾക്ക് ആഹ്വാനം ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം ഈ പദ്ധതിയുടെ ഭാഗമായി തരിശുഭൂമി, ഡീഗ്രേഡഡ് ഫോറസ്റ്റ് , നീർത്തട പ്രദേശം തുടങ്ങിയ സ്ഥലങ്ങളിൽ താൽപര്യമുള്ള ഏജൻസികളുടെ |

| | | | |
|---|---|---|---|
| | | | ധനസഹായത്തോടെ വൃക്ഷതൈ നടീൽ വിഭാവനം ചെയ്യുന്നു. സംസ്ഥാന നോഡൽ ഓഫീസർമാരുടെയും, ഇന്ത്യൻകൗൺസിൽ ഓഫ് ഫോറസ്ട്രി റിസർച്ച് & എജ്യൂക്കേഷന്റെയും മേൽനോട്ടത്തിൽ ടി വനവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഒരു നിശ്ചിത സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. ആയത് പുതുക്കിയ വന സംരക്ഷണ നിയമ പ്രകാരം ഉള്ള സംവിധാനമോ പരിഹാര വനവൽക്കരണത്തിന് പകരമുള്ള സംവിധാനമോ അല്ല |
| (ഡി) | കേന്ദ്രസർക്കാരിന്റെ പുതുക്കിയ വന നിയമം വലിയ ദുരന്തങ്ങൾ ഉണ്ടാക്കുമെന്ന സാഹചര്യത്തിൽ വിഷയം സുപ്രീംകോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | കേന്ദ്ര സർക്കാരിന്റെ പുതുക്കിയ വന നിയമം വിവക്ഷിക്കുന്നത് വനഭൂമി വനേതരാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് പൂർവ്വാനുമതി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളും സമയ ക്രമങ്ങളുമാണ് ആയതിനാൽ തന്നെ പുതുക്കിയ നിയമം വലിയ ദുരന്തങ്ങൾ ഉണ്ടാക്കുമെന്ന് കരുതുന്നില്ല, ആയതിനാൽ തന്നെ വിഷയം സുപ്രീം കോടതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടില്ല.<br><br>വനഭൂമി വനേതര ആവശ്യത്തിനായി അപേക്ഷ നൽകുന്ന യൂസർ ഏജൻസി വിവിധ രേഖകൾ ഹാജരാക്കേണ്ടതും ആയതിന്മേൽ കേന്ദ്ര സംസ്ഥാന തലത്തിലുള്ള വിവിധ കമ്മിറ്റികൾ പരിശോധിച്ചതിന് ശേഷം മാത്രമേ അനുമതി ലഭ്യമാവുകയുള്ളൂ. പുതിയ ചട്ട പ്രകാരം അഞ്ച് ഹെക്ടറിന് മുകളിലുള്ള വനഭൂമി വനേതര ആവശ്യത്തിന് നൽകുന്നതിന് മുമ്പ് സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന പ്രോജക്ട് സ്ക്രീനിംഗ് കമ്മിറ്റിയുടെ പരിശോധന ആവശ്യമാണെന്ന് ഒരു പുതിയ നിബന്ധന കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം വനഭൂമി മറ്റ് ആവശ്യങ്ങൾക്കായി വിട്ടു നൽകുന്നതിനുള്ള നടപടികൾ കൂടുതൽ കരുതലോടെ സംസ്ഥാന സർക്കാരിന് നടപ്പിലാക്കാൻ സാധിക്കും. പ്രോജക്ട് സ്ക്രീനിംഗ് കമ്മിറ്റി കൂടാതെ റീജ്യണൽ എംപവേർഡ് കമ്മിറ്റി, ഫോറസ്റ്റ് അഡ്വൈസറി കമ്മിറ്റി എന്നിവയുടെയും പരിശോധനയും വനഭൂമി വനേതര ആവശ്യങ്ങൾക്ക് വിട്ടു നൽകുന്നതിന് മുമ്പ് നടത്തപ്പെടണമെന്ന് പുതിയ ചട്ടം നിഷ്കർഷിക്കുന്നുണ്ട്. ബഹു. സുപ്രീം കോടതി ഇതിനകം തന്നെ ഇതുമായി ബന്ധപ്പെട്ട ഹർജികൾ കേൾക്കുന്നുണ്ട്. കൂടാതെ വിദഗ്ധ സമിതികളുടെ രൂപീകരണത്തിലൂടെ പദ്ധതികൾ ആവിഷ്കരിക്കാൻ സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം ഇപ്പോൾ ബഹു കോടതിയുടെ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ

<u>വിശദീകരണകുറിപ്പ്</u>

വന (സംരക്ഷണ) നിയമം 1980 നിഷ്കർഷിക്കുന്നത് വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് പൂർവ്വാനുമതി ആവശ്യമാണെന്നതാണ് . പുതുക്കിയ വന (സംരക്ഷണ) നിയമം വിവക്ഷിക്കുന്നത് വനഭൂമി വനേതരാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് പൂർവ്വാനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളും സമയ ക്രമങ്ങളുമാണ് . പ്രസ്തുത പൂർവ്വാനുമതി ലഭിക്കുന്നതിന് വനഭൂമി വനേതര ആവശ്യത്തിനായി ഉപയോഗിക്കുവാൻ അപേക്ഷ നൽകുന്ന യൂസർ ഏജൻസി വിവിധ രേഖകൾ ഹാജരാക്കേണ്ടതുണ്ട്. ആയത് കേന്ദ്ര സംസ്ഥാന തലത്തിലുള്ള വിവിധ കമ്മിറ്റികൾ പരിശോധിച്ചതിന് ശേഷം മാത്രമേ അനുമതി ലഭ്യമാവുകയുള്ളൂ. പ്രസ്തുത പൂർവ്വാനുമതിക്കായുള്ള നടപടികളും സമയ ക്രമങ്ങളുമാണ് വന (സംരക്ഷണ) ചട്ടം 2022 ൽ വിഭാവനം ചെയ്യുന്നത് . പുതിയ ചട്ട പ്രകാരം അഞ്ച് ഹെക്ടറിന് മുകളിലുള്ള വനഭൂമി വനേതര ആവശ്യത്തിന് നൽകുന്നതിന് മുമ്പ് സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന പ്രോജക്ട് സ്ക്രീനിംഗ് കമ്മിറ്റിയുടെ പരിശോധന ആവശ്യമാണെന്ന് ഒരു പുതിയ നിബന്ധന കൂടി ഉൾപ്പെടുത്തിയിട്ടുണ്ട് . ആയത് പ്രകാരം വനഭൂമി മറ്റ് ആവശ്യങ്ങൾക്കായി വിട്ടു നൽകുന്നതിനുള്ള നടപടികൾ കൂടുതൽ കരുതലോടെയും സംസ്ഥാന സർക്കാരിന് നടപ്പിലാക്കാൻ സാധിക്കും. പ്രോജക്ട് സ്ക്രീനിംഗ് കമ്മിറ്റി കൂടാതെ റീജിയണൽ എംപവേർഡ് കമ്മിറ്റി, ഫോറസ്റ്റ് അഡ്വൈസറി കമ്മിറ്റി എന്നിവയുടെയും പരിശോധനയും വനഭൂമി വനേതര ആവശ്യങ്ങൾക്ക് വിട്ടു നൽകുന്നതിന് മുമ്പ് നടത്തപ്പെടണമെന്ന് പുതിയ ചട്ടം നിഷ്കർഷിക്കുന്നുണ്ട്.

കേന്ദ്ര സർക്കാർ നിലവിൽ പരിഹാര വനവൽക്കരണത്തിന് പകരമായിട്ടല്ല ഗ്രീൻ ക്രെഡിറ്റ് പ്രോഗ്രാം കൊണ്ടുവന്നിട്ടുള്ളത്. പരിസ്ഥിതി മെച്ചപ്പെടുത്തുക, പരിസ്ഥിതി സംരക്ഷണത്തിനായി സ്വമേധയാ ഉള്ള പ്രവർത്തനങ്ങൾക്ക് ആഹ്വാനം ചെയ്യുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത് . സംസ്ഥാന വനം വകുപ്പിന്റെ മേൽനോട്ടത്തിൽ ഇന്ത്യൻ കൗൺസിൽ ഓഫ് ഫോറസ്റ്ററി റിസർച്ച് & എജ്യൂക്കേഷനും കൂടി ചേർന്ന് തരിശുഭൂമി, ഡീഗ്രേഡഡ് ഫോറസ്റ്റ് , നീർത്തട പ്രദേശം തുടങ്ങിയ സ്ഥലങ്ങളിൽ താൽപര്യമുള്ള ഏജൻസികളുടെ സഹായത്തോടെ വനവൽക്കരണവും അതോടൊപ്പം പരിസ്ഥിതി സംരക്ഷണവും നടത്താനാണ് കേന്ദ്ര വനം, പരിസ്ഥിതി കാലാവസ്ഥാ മന്ത്രാലയം ഗ്രീൻ ക്രെഡിറ്റ് പ്രോഗ്രാം മുഖേന ഉദ്ദേശിക്കുന്നത്. സംസ്ഥാന നോഡൽ ഓഫീസർമാരുടെയും ഇന്ത്യൻ കൗൺസിൽ ഓഫ് ഫോറസ്റ്ററി റിസർച്ച് & എജ്യുക്കേഷന്റെയും

മേൽനോട്ടത്തിൽ ടി വനവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഒരു നിശ്ചിത സംവിധാനം ഒരുക്കിയിട്ടുണ്ട്. ആയത് പുതുക്കിയ വനം (സംരക്ഷണ) നിയമ പ്രകാരം ഉള്ള സംവിധാനമോ പരിഹാര വനവൽക്കരണത്തിന് പകരമുള്ള സംവിധാനമോ അല്ല. ആയതിനാൽ വന സമ്പത്ത് ദുരുപയോഗം ചെയ്യുന്നതിനുള്ള സാധ്യത മേൽ ചട്ട പ്രകാരം കാണുന്നില്ല.